

ഒരു പട്ടത്തിന്റെ കഥ
മേമുണ്ട .എച്ച് .എസ്.എസ്
Little kites 2019-21

# Editorial board



## Editor

- *Nanda kishore*

## Board Members

- *Aadiv m.k*
- *Amrutha .M*
- *Saniya vinod*
- *Pavithra .P*
- *Navaneeth .v*
- *Parvez*

***Cover – Aadiv m.k***



പ്രിയ വിദ്യാർത്ഥികളെ,

നമ്മുടെ വിദ്യാലയ പഠന പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഒരു പോലെ മുന്നേറിക്കൊണ്ടിരിക്കുകയാണ് ഈ വേളയിൽ നമ്മുടെ വിദ്യാലയത്തിൽ"Little kites” എന്ന പുതിയ സംരംഭം കൂടി പുത്തൻ ഉണർവോടെ തുടക്കം കുറിക്കുന്ന വിവരം വിദ്യാർത്ഥികൾ അറിഞ്ഞിരിക്കുമല്ലോ! അനുദിനം നമ്മുടെ ലോകം വികസിച്ചു കൊണ്ടിരിക്കുകയാണ് അപ്പോൾ ഇത്തരമൊരു സംരഭത്തിന്റെ പ്രസക്തി വാനോളം വലുതു തന്നെ .ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗാത്മക രചനകൾ ഉൾപ്പെടുത്തി നിർമ്മിച്ച മാഗസിനിന് എല്ലാവിധ ആശംസകളും നേരുന്നു.

ശശികുമാർ.പി

ഹെഡ്മാസ്റ്റർ

മേമുണ്ട.എച്ച്.എസ്. എസ്



# പ്രിയമുള്ളവരെ ,

കുട്ടികൾക്ക് അവരുടെ ബഹുമുഖമായ കഴിവുകൾ പ്രകടിപ്പിക്കുന്ന വൈവിധ്യ പൂർണമായ നിരവധി ഗുണമുള്ള പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയം വർഷങ്ങളായി നടത്തിവരുന്നു.ഹൈസ്കൂൾ വിഭാഗം **"Little Kites”** ലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന മാഗസിൻ മികവുറ്റതാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന മുഴുവൻ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

കൃഷ്ണദാസ്.പി.കെ
പ്രിൻസിപ്പിൾ

സുഹൃത്തുകളെ,

ഞങ്ങളുടെ കുട്ടികൾ" നിങ്ങളോട് പട്ടത്തിന്റെ കഥ പറയുകയാണ്. പുതു തലമുറ അറിവുപകർന്നു നൽകുന്ന ലിറ്റിൽ കൈറ്റ് എന്ന ഈ സംരംഭം കുട്ടികളെ പ്രാവർത്തിക_മാക്കുന്നത് സാങ്കേതിക വിദ്യകളെ സർഗാത്മകമായി എങ്ങനെ ചിത്രീകരിക്കാം എന്നതാണ് പ്രായോഗിക തലത്തിൽ എന്റെ നൂതനമായ ആശയങ്ങളെയും അറിവുകളെയും കാലത്തിനു അനുസൃതമായ് പകർന്ന് കൊടുക്കാനുള്ള ഈ എളിയ സംരംഭത്തിൽ_നമുക്ക് കൈകോർക്കാം പ്രോൽസാഹിപ്പിക്കാം...



രമ്യ.കെ
കൈറ്റ്മിസ്ട്രസ്



ജിതിൻ . വി
കൈറ്റ്മാസ്റ്റർ

# ഉള്ളടക്കം


- നിശ്ചലമീ ജീവിതം 12
- ചിന്നുവും മണിക്കുട്ടിയും 14
- മൂടൽ മഞ്ഞ് 16
- പരിശ്രമത്തിലൂടെ 18

നേടിയ ജീവൻ

- പരിണാമം 23
- പെയ്തു തോരാത്ത മഴ 25
- നാളെത്രയായ് കാത്തിരിക്കുന്നു 27

ഞാൻ

- മാഞ്ഞുപോയ വയലറ്റുപ്പേ 28
- വില 30
- സൗഹൃദം 32
- പൂക്കൾ ചിരിക്കുന്നു 34
- മഴവന്നപ്പോൾ 36

പള്ളിക്കൂടത്തിലേക്ക്

- നിലാവിന്റെ രാവിൽ 37

ഒരു പട്ടത്തിന്റെ കഥ


- കാണും നിശ്ചയം 38
- തേങ്ങുന്ന ഓലഞ്ഞാലി 39
- മൂന്നാറിലേക്കൊരുയാത്ര 44
- അനുഭവം 46
- പ്രളയം 47
- മൃത്യു 48
- എ പി ജെ അബ്ദുൾ കലാം 50
- മഹാത്മ ഗാന്ധിജി 51
- നമ്പർ പാറ്റേൺ 53-54
- കാർട്ടൂൺ 55
- ചിത്രങ്ങൾ 56-59
- *സർഗോത്സവം -2020* 60-62
- കമ്പ്യൂട്ടർ സംരക്ഷണ യൂണിറ്റുകൾ 65
- കുസൃതി ചോദ്യങ്ങൾ 66-69

# നിശ്ചലം ഈ ജീവിതം

ജീവിതത്തിന് അനുരാഗമാം നാളിൽ ആദ്യാനുരാഗം ആയി
ഉള്ളിലെത്തുന്നു.
മഴയെന്ന പോലെ മധുരമായ് ഉള്ളിലെത്തുന്ന
ഓരോ ദിനവും കാണാൻ അനുരാഗമായ്
ഉള്ളിലെത്തുന്നു മനസ്സിൽ താളമായെത്തുന്നു നീ
ഇന്നെന്നുള്ളിൽ
ആദ്യാനുരാഗം പകരുമി വിടർന്ന പൂവിൻൻറെ
വേർതിരിവിൽ പകരുന്ന കനവിനുള്ളിൽ
ആത്മാർത്ഥതയാം വെളിച്ചമേ നീ എന്നുള്ളിൽ
തീർന്ന മനോഹരമാം കൺ മയിൽപീലിയാണു
നീ
നിന്നുള്ളിൽ പെയ്ത് ഓരോ ദിനവും
ഓർത്തോർത്തിരിക്കുമി ശബ്ദങ്ങളെ അകലേക്കു
നോക്കവേ അകലേക്കു നീങ്ങുമീ തീരാ ദുഃഖംമീ
നിശ്ചലജീവിതം
ജീവിതം നിശ്ചലം ചേതനയറ്റ ശരീരമാൽ
പോലും കനവാർന്ന ജീവിതം
മധുവാർന്ന പുഴയാണ്.

പവിത്ര.പി
IX-D

# ചിന്നുവും മണിക്കുട്ടിയും

ഒരു കൈ ഉപയോഗിച്ച് വലിയ കാട്ടുപാറ ഉയർത്തിമാറ്റുന്നതാണ് ഞാൻ ഇന്നു കണ്ട സ്വപ്നം .ചിന്നു മണിക്കുട്ടിയോട് പറഞ്ഞു. വെളുപ്പാങ്കാലത്ത് കണ്ട സ്വപ്നം ഫലിക്കുമെന്നല്ലേ.മണിക്കുട്ടി ചിരിച്ചു ആ സമയത്ത് ചിന്നുവിന് ദേഷ്യം വന്നു ചിന്നു പറഞ്ഞു "ഹും സ്വപ്നം ഫലിക്കുന്നത് കാണിച്ചു തരാം".ഇതും പറഞ്ഞുകൊണ്ട് അവൾ ഓടിപ്പോയി.അവൾക്കറിയാം ആ വലിയ കാട്ടുപാറ ഒറ്റയ്ക്ക് ഉയർത്തിമാറ്റാൻ കഴിയില്ലെന്ന് അതുകൊണ്ട് അവളുടെഅഞ്ച് മണ്ടന്മാരായ അനിയന്മാരെ കൂടെക്കൂട്ടി .എത്ര ശ്രമിച്ചിട്ടും അത് മാറ്റാൻ കഴിഞ്ഞില്ല. പാറ പൊക്കി മാറ്റാൻ കഴിയാത്തതിനാൽ നാട്ടുകാരും മണിക്കുട്ടിയും എല്ലാം അവളെകളിയാക്കി ചിരിച്ചു .അപ്പോൾ ചിന്നുവിന്റെ മനസ്സിൽ ഇതായിരുന്നു. സ്വപ്നം ചതിച്ചല്ലോ എന്ന് . അവൾക്ക് നാണംകെട്ടോടി മറ്റുള്ളവർപറയുന്നത് കേൾക്കാതെ സ്വന്തം ഇഷ്ടത്തിന് ചെയ്താൽ ഇതായിരിക്കും ഫലം .

അമൃത.എം

**IX-M**

# മൂടൽമഞ്ഞ്

മഞ്ഞുതുള്ളിയായി ഇറ്റിറ്റ വീഴുന്ന ജലമേ
നീയാണെൻ പുലരി സുന്ദരം ആക്കിയത്
മൂടൽമഞ്ഞായി വന്ന്എൻ പ്രകൃതിയുടെ
മനോഹാരിത ചൂണ്ടിക്കാണിച്ചത്.
പിന്നീടങ്ങോട്ട് എന്റെ_ഏറ്റവും നല്ല
സുഹൃത്തായി നീ
പ്രഭാതത്തിൽ നീ വരുമായിരുന്നു
എന്നെ ഉണർത്താൻ
കമ്പിളിപ്പുതപ്പുകൾ എന്റെ അടുത്ത്
സ്ഥാനം പിടിച്ചെങ്കിലും
അവയെ വഴുതി മാറ്റി ഞാൻ നിന്നി-
ലേക്ക് ഓടും
കതിർകുലച്ച വയലേലയിലൂടെ എവിടെയാ -
യിരുന്നു എന്റെ സഞ്ചാരം
ഒന്നുകൊണ്ടുമാത്രം എന്തെന്നാൽ
നിൻ മനോഹാരിതയെ ആസ്വദിക്കാൻ
നിൻ ജീവ ഛേദകത്തിന് കാരണം
സൂര്യന്റെ വരവ് ആണല്ലോ
സൂര്യകിരണം നിന്നോട് പോരാടി
ഭൂമിയിലേക്ക് വരുമ്പോൾ
മഞ്ഞിൽ തിളങ്ങുന്ന ആ സൂര്യ രശ്മി
യുടെ_ഭംഗി പറഞ്ഞാൽ തീരാത്തതാണ്
പാടലം നിറഞ്ഞ നിൻ രശ്മി
മൂടൽമഞ്ഞ്

സന

# പരിശ്രമത്തിലൂടെ നേടിയ ജീവൻ

ഒരു മലയോര പ്രദേശം ആ മലയോരങ്ങളിൽ ഇടയിലായി ഒരു ചെറിയ വീട് മുറ്റവും മരങ്ങൾ കൊണ്ടു നിറഞ്ഞിരുന്ന കുരുവികളുടെ ശബ്ദം കൊണ്ട് എല്ലാവരെയും ആകർഷിക്കപ്പെടുന്ന സ്ഥലമായിരുന്നു. ഒരു കുളമുണ്ട് തൊട്ട് പുറത്തായി ഒരു ഒരു വീടും ഉണ്ടായിരുന്നു അവിടെ രണ്ടു സന്താനങ്ങൾ ഉണ്ടായിരുന്നു അവരുടെ പേര് കിങ്ങിണിയും പൊന്നാനിയും അവരുടെ അച്ഛനമ്മമാരും പിന്നെ ഒരു പൂച്ചയും പട്ടിയും അവരൊക്കെ ആയിരുന്നു ആ വീട്ടിൽ ഉണ്ടായിരുന്നത് കിങ്ങിണി യുടെ സുഹൃത്തും എല്ലാമെല്ലാമായിരുന്ന തായിരുന്നു പൂച്ചയും പട്ടിയും. സാധാരണ എല്ലാ വീട്ടുകളിലും പട്ടിയും പൂച്ചയും ഉണ്ടെങ്കിൽ ആ പട്ടിയും പൂച്ചയും ശത്രുക്കൾ ആയിരിക്കും എന്നാൽ ഇവിടെ നേരെ വിപരീതമാണ് കാരണം എന്താണെന്ന് വെച്ചാൽ ഈ പൂച്ചയും പട്ടിയും വളരെ നല്ല സുഹൃത്തുക്കൾ ആയിരുന്നു ആ പൂച്ചയുടെ പേര് മിന്നുവെന്നും ആ നായയുടെ പേര് ജൂലി എന്നായിരുന്നു മിന്നുവിനു കിങ്ങിണി ജീവനുതുല്യം ആയിരുന്നു കിങ്ങിണി ഒരു ദിവസം കുളത്തിനെ കരയിൽ ഇരിക്കുകയായിരുന്നു അപ്പോൾ ഒരു പൂച്ചക്കുട്ടിയെ കടിച്ചു കൊണ്ട് ഒരു കുറുക്കൻ ഓടുകയായിരുന്നു അപ്പോൾ കിങ്ങിണി കുറുക്കന്റെ മേൽ കല്ലെടുത്തെറിഞ്ഞു. അപ്പോൾ ആ കുറുക്കൻ ആ പൂച്ചയെ അവിടെ ഇട്ട് ഓടുകയായിരുന്നു. അങ്ങനെയാണ് കിങ്ങിണി മീനുവിനെ കിട്ടിയത് അങ്ങനെ മിന്നു വലുതായി അങ്ങനെ ഒരു ദിവസം ഒരു മരത്തിന്റെ ശിഖരങ്ങളിലേക്ക് പാഞ്ഞു കയറുകയായിരുന്നു അപ്പോൾ അവൾ പെട്ടെന്ന് താഴത്തേക്ക് തെറിച്ചു വീഴുകയായിരുന്നു കള്ളിമുൾ ചെടികൾക്കിടയിൽ വീണു അതിൽ ഒരു വലിയ മുള്ള് അവളുടെ തൊണ്ടയിലേക്ക് തെറിച്ചു കയറി ആ വേദനാജനകമായ രംഗം കണ്ടു കിങ്ങിണി നിലവിളിച്ചു അവളുടെ അച്ഛനും ഓടിയെത്തി കിങ്ങിണിയുടെ അച്ഛൻ മിന്നു വിൻറെ കഴുത്തിൽ ഉണ്ടായ മുള്ള് എടുത്തു മാറ്റാൻ ശ്രമിച്ചു പക്ഷേ അതു സാധിച്ചില്ല കിങ്ങിണി യോട് അച്ഛൻ പറഞ്ഞു മോളെ കിങ്ങിണി നമുക്ക് രക്ഷിക്കാൻ കഴിയില്ല പക്ഷേ അത് കേൾക്കാൻ കിങ്ങിണി കൂട്ടാക്കിയില്ല മിന്നുവിന്റെ ക്ഷതത്തിൽ നിന്ന് കൂടുതൽ രക്തസ്രാവം തുടരുന്നുണ്ടായിരുന്നു കിങ്ങിണി അച്ഛനോട് പറഞ്ഞു അച്ഛാ നമുക്ക് മീനുവിനെ മൃഗാശുപത്രിയിലേക്ക് കൊണ്ടുപോകാം അച്ഛൻ വേണ്ട മോളെ മിന്നുവിനെ രക്ഷിക്കാൻ കഴിയില്ല നമ്മൾ കൊണ്ടു പോകുന്നതിനു മുമ്പേ അവൻ നമ്മളെ വിട്ടു പോകും പക്ഷേ കിങ്ങിണി അത് വിസമ്മതിച്ചു അവൾ തനിയെ മൃഗാശുപത്രിയിൽ പോകുന്ന വഴിക്ക്

നാട്ടുകാർക്കെല്ലാം സങ്കടമായി എന്താണ് പറ്റിയത് മിന്നുവിന് എന്നവർ ചോദിക്കുകയുണ്ടായി കാരണം അവൾ നാട്ടുകാർക്കൊക്കെ പ്രിയങ്കരിയായായിരുന്നു എടത്തി കൂടാതെ മറ്റുള്ള പൂച്ചകളിൽ അവൾ ആയിരുന്നു ആയിരുന്നു വ്യത്യസ്തമായിരുന്നു മറ്റുള്ളവർക്ക് ഉപദ്രവം ചെയ്യുന്ന ഒരു കാര്യവും അവൾ ചെയ്യുകയായിരുന്നു കാണുമ്പോൾ തന്നെ ഓമനത്തമുള്ള അവളാണ് അവളുടെ കഴുത്തിൽ ചെറിയ മണി ഉണ്ടായിരുന്നു മിന്നു എപ്പോഴും മണി മുഴക്കിക്കൊണ്ടാണ് നടക്കാറ് മണിമുഴക്കം കേട്ട് എല്ലാവരും അവളെ നോക്കുമായിരുന്നു ആ ശബ്ദം എല്ലാവരും മിന്നുവിനെ തിരിച്ചറിയും മിന്നുവിനെയും കൊണ്ട് കിങ്ങിണി അതിവേഗത്തിൽ ആശുപത്രിയിലേക്ക് കൊണ്ടു പോകുന്നു ആ വഴി അതിഭീകരമായ കാറ്റും മഴയും ഉണ്ടായിരുന്നു കാറ്റ് ശക്തമായതോടെ ഒരു വലിയ മരം കടപുഴകി വീണു ഇത്രയും സംഭവിച്ചിട്ടും കിങ്ങിണി പിന്മാറിയില്ല എന്നിട്ടും അവൾ മുന്നോട്ടു പോയി കൊണ്ടിരുന്നു അങ്ങനെ ആശുപത്രിയിൽ എത്തിയതോടെ മിന്നുവിന്റെ അവസ്ഥ വളരെ പരിതാപകരമായിരുന്നു കിങ്ങിണിയോട് ഡോക്ടർ പറഞ്ഞു "നൂറിൽ **5%** മാത്രമേ രക്ഷപ്പെടുമെന്ന് പറയാൻ പറ്റൂ" അങ്ങനെ കിങ്ങിണി എല്ലാം കൊണ്ടും തന്നെ തളർന്നു അവരുടെ പ്രതീക്ഷകളും നഷ്ടപ്പെട്ടു ഡോക്ടർ അവളെ ആശ്വസിപ്പിച്ചു അങ്ങനെ എന്തെന്നില്ലാത്ത ഭാഗത്താൽ കിങ്ങിണിക്ക് മീനുവിനെ തിരിച്ചുകിട്ടി ഡോക്ടർ പറഞ്ഞു :" മോളേ , നീ നിന്റെ മിന്നുവിനെ ഇങ്ങോട്ടു കൊണ്ടുവന്നത് കൊണ്ടാണ് എനിക്ക് അവളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞത് ഇത് മിന്നു വിൻറെ രണ്ടാം ജന്മം ആയി കണക്കാക്കാം"

ഇവിടെ കിങ്ങിണിയുടെ ഒറ്റ പരിശ്രമം കൊണ്ടാണ് ഇന്നും മിന്നു ജീവിച്ചിരിക്കുന്നത്.

**ഗ്രീഷ്മ പ്രദീഷ്**
**X-F**

# പരിണാമം

മനുഷ്യൻ ചില അവസ്ഥകളിൽ അവൻ അവനാകാതെ വരുന്നു.ഡാർവിന്റെ പരിണാമം എന്നതുപോലെ ഒരു മനുഷ്യന്റ സിദ്ധാന്തം പോലെ ഇത് ജഗൻ എന്ന മനുൻഷ്യന്റ കഥയാണ്.ജഗൻ പുതുതലമുറയുടെ ന്യൂജൻ ബോയിയാണ്.ന്യൂജൻ എന്ന മാരക രോഗത്തിൽപെട്ട് ജീവിക്കാൻ മറന്ന ജഗന്റെ കഥ.പത്താം ക്ലാസിൽ എത്തിയ ജഗന്റെ അച്ഛൻ ജനാർദ്ധൻ തന്റെ മകന് ഒരു ഓഫർ നൽകുന്നു എന്തെന്നാൽ നീ പത്താം ക്ലാസിൽ ഉയർന്നമാർക്കോടെ ജയിച്ചാൽ നിനക്ക് എന്റെ വക പുത്തൻ ഐഫോൺ s+ എന്ന ഫോൺ സമ്മാനം നൽകും എന്നായിരുന്നു അത് എന്നാൽ ജഗന് സംശയമായിരുന്നു അത് എന്തെന്നാൽ അത്താഴപഷ്ണിക്ക് വകയില്ലാത്ത തന്റെ അച്ഛൻ ഇത് സാധിക്കുമോ എന്നാണ്.മാർച്ച് മാസത്തെ പരീക്ഷകഴിഞ്ഞു.മെയ്മാസച്ചൂടിൽ എസ് എസ് എൽസി റിസൾട്ട് വന്നു ജഗന് **7A+,3B+**ആയിരുന്നു എന്നാൽ നല്ല റിസൾട്ട് വാങ്ങിയ ജഗന് അച്ഛൻ പറഞ്ഞ വാക്ക് പാലിച്ചില്ല ഇതിൽ ദേഷ്യപ്പെട്ട് ജഗൻ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കുന്നത് നിർത്തി വീട്ടിൽ 10 മണിക്ക് ശേഷം മാത്രം അയാൾ കടന്നു വന്നു ചീത്തക്കൂട്ടുകെട്ടുകൾ അവനെ ലഹരിയിലേക്കു തിരിഞ്ഞു. നിരാശനായ ജനാർദ്ധൻ തന്റെ ഭാര്യയുടെ കെട്ടുതാലി പണയപ്പെടുത്തി അവന് മൊബൈൽ ഫോൺ വാങ്ങിക്കൊടുത്തു.

**അഭിഷേക്**
X-O

# പെയ്തു തോരാത്ത മഴ

തിമർത്തു കുടുകുട പെയ്യുന്ന മഴയിൽ
മഴത്തുള്ളികൾ തിമിർത്താടുന്നു.....
തിമിർത്താടുന്ന തുള്ളികൾ തറയിൽ പതിക്കുമ്പോൾ,
കുടുകുടാ ചിരിച്ചു കൊണ്ടൊഴുകീടുന്നു.....
അങ്ങകലെയാകാശമാവുന്ന ജലസംഭരണി-
യിൽ നിന്ന് കെട്ടറ്റു വീഴുന്ന മഴത്തുള്ളികൾ....
ഒടുവിലാ കുഞ്ഞു മഴത്തുള്ളിയുടെ വികാരങ്ങളെല്ലാം
ദൂരെ മറയുന്നു.
ഒടുവിലീ മഴ പ്രളയമായി, ഭൂഗർഭമായി പിന്നെ
തോരാത്ത ദുഃഖത്തിന്നുറവിടമായി മാറി
വേദനകൾ അറയുന്നു...എൻ കൂട്ടുകാർ
ദുഃഖ പ്രതീകമാം കണ്ണുനീർ തുള്ളിയെ,
തുടച്ചു മാറ്റാനാരുമില്ല.
എരിയും മനസ്സുമായി മാനവൻ തീരാത്ത-
ദുഃഖത്തിൻ മടിയിൽ കിടന്നുറങ്ങീ.....
കേരള തനിമ കിടന്നുറങ്ങീ...
ഒടുവിലാനാശം വിതച്ച മഴ പെയ്തു തോരുകയായി...
മായാത്തദുഃഖത്തിന്നോർമ്മകൾ ബാക്കിയാക്കി...

**അജൽ കൃഷ്ണ എസ്**
**VIII F**

# നാളെത്രയായി കാത്തിരിക്കുന്നു ഞാൻ...

ഇന്നോളം നീ കണ്ടതും കാണുന്നതുമായ
മനോഹരമായ നാളിതുവരെ വന്നില്ലല്ലോ നീ
പൂവിതളാമീ മധുസ്പർശം ചൊരിയും
നാളിതുവരെ
എത്ര
നായളിത്ര നാൾ ആഗ്രഹിച്ചതാണു
നിൻ ഭാവമാം മുഖം
ഇന്നുമെന്നും കാത്തിരിക്കുന്നു ഞാൻ
ഓരോ നിഴലും നിൻ മോഹമാകാൻ
ഓരോ ശബ്ദവും നിൻ സ്വരമാവാൻ
ഞാൻ കാത്തിരിക്കുമി യുവ നിമിഷത്തിൽ
വരവായെന്നും നിൻ സാന്നിദ്ധ്യമാം
ഓരോ നിമിഷവും

**ശിവദ ജി കെ**
**IX-D**

# മാഞ്ഞുപോയ വയലറ്റുട്ടുപ്പേ...

തീജ്വാലയിൽ വെന്തെരിഞ്ഞ വയലറ്റുട്ടുപ്പേ
ഞങ്ങൾ നിനക്കായ് തേങ്ങുകയാണ്
ഒരവസരത്താൽ ഞാൻ അവിടെ എത്തേണ്ടവളാണ്
നാളെയൊരുപക്ഷെ പിച്ചിച്ചീന്തിയ മാറിട-
വുമായി എത്തേണ്ടവളാണ ഞാൻ
നിന്റെ മനസ്സിലെ വെമ്പലുകൾ ഞാൻ
ഏറ്റെടുത്തേക്കാം
നിന്നെ അശുദ്ധമാക്കിയ പിഴുതെറിഞ്ഞ ആ കരങ്ങൾ
ദൈവത്തിന്റേതായിരുന്നു
നിന്റെ അള്ളാഹുവിന്റേതായിരുന്നു
ഞാൻ കരയില്ല
ദൈവത്തിന്റെ അക്ഷിയാൽ കണ്ടത്
ആ ദുഷ്ടകരങ്ങൾക്കായ് നിൻ ജീവൻ
കുരുക്കയച്ചു
ദൈവം നിനക്കു മാപ്പില്ല
കുരുതിയിലായഴ്ത്തിയ നിനക്കു മാപ്പില്ല
കഴുകന്റെ കൈകൾ നിന്നിലേക്ക് അടുക്കു-
മ്പൊഴം നിന്റെ ആ കണ്ണീരിലൂടെ
നീ എത്ര തവണ അള്ളാഹുവിനെ വിളിച്ചു
നിന്റെ കണ്ണീരിനു മുമ്പിൽ നിഷ്ഠുരമായി
നോക്കി നിൽക്കാനെ ആ ആരാധന ശിൽപ്പത്തിന്
തോന്നിയുള്ളൂ ,കൊച്ചു സഹോദരീമാപ്പ്......

**സാനിയ**
**VII-I**

# വില

ഒരു ജോടി ചെരുപ്പ് വാങ്ങാനാണ് ടിക്കു ആ പീടികയിലേക്ക് കയറി ചെന്നത്.
ആദ്യം ചെരുപ്പ് എടുത്ത് തിരിച്ചും മറിച്ചും നോക്കിയെങ്കിലും അതിഷ്ടപ്പെട്ടില്ല.വില ചോദിച്ചപ്പോൾ **200** രൂപ.
കടയാകെ അരിച്ചുപെറുക്കിയ ടിക്കു ഒരു കോട്ടുകണ്ടപ്പോൾ മനസ്സ് മാറി അതെടുക്കണമെന്നായി ചെരിപ്പവിടെവച്ച് കോട്ടിന്റെ വില ചോദിച്ചു **200** രൂപ തന്നെ 'എങ്കിൽ കോട്ട് മതി' കോട്ടും പൊതിഞ്ഞ് ടിക്കു നേരെ ഇറങ്ങി നടന്നു .
അപ്പോൾ പീടികക്കാരൻ "ഏയ്... നിങ്ങൾ പണം തന്നില്ല"
ടിക്കു "**200** രൂ പയുടെ ചെരുപ്പ് അവിടെ വച്ചു അതേ വിലയുള്ള കോട്ടാണ് ഞാൻ മേടിച്ചത്"
പീടികക്കാരൻ"പക്ഷെ നിങ്ങൾ ചെരുപ്പിന്റെ വില തന്നിരുന്നില്ല"
ടിക്കു"വാങ്ങാത്ത സാധനത്തിന്റെ വില ഞാനെന്തിനു തരണം"
ഇതും പറഞ്ഞ് ടിക്കു നടന്നു.
പീടികക്കാരൻ ഒന്നും മനസ്സിലാവാതെ നിന്നു.

***അമിത്ത് രാജ്.പി***
***IX - B***

# സൗഹൃദം

ജീവിതമാമീ സ്നേഹബന്ധം തളർത്തിടും
പൂവേ നീ സൗഹൃദത്തിനുറവായ്
അന്ന് പൂക്കും പൂവാൽ നീ യൗവന
നിമിഷമേ കാണുന്നു നിന്നെ ഞാൻ
സൗഹൃദമീ നിമിഷത്തിൽ തീരും പൂവാൽ
കാണും നിന്നെ ഞാൻ
യാത്രയിൽ പൊഴിയുന്ന പൂവിനെ
സൗഹൃദം പൊഴിയും പോലെയാണോ
ഒരു നാൾ തീരുന്നു തോന്നുന്നതൊക്കെയും
തീരാതെ തളർത്താതെ
നിൽക്കുമീ സൗഹൃദം
തീർത്തൊരാപൂവിലെ പൂക്കളിലെ
നിനവാർന്ന കനവാർന്ന മധുരമാണ്
നാം ഒരോരുത്തരും ഇന്നും എന്നും
ഞാൻ പൊഴിയുന്ന നിശ്ചലം
സൗഹൃദത്തിനുറവയാണത്

**കീർത്തന.കെ.വി**

***IX-D***

# പൂക്കൾ ചിരിക്കുന്ന

പൂക്കൾ ചിരിക്കുന്ന പൂന്തോപ്പിലെന്നും
പൂമ്പാറ്റകൾ പനിനീർ തളിക്കും
തുമ്പികൾ തമ്പുരു മീട്ടുമീ പൂവനം
താരിളം തെന്നലാൽ ചാഞ്ചാടിടും
പൂക്കൾ ചിരിക്കുന്ന പൂന്തോപ്പിലെന്നും
പാടും കിളി കുലജാലം മധുരമായ്
നർത്തനമാടും തളിർലതകൾ
വിദ്യാമൃതം സൂത്തമാകുന്നൊരാലയം
ലളിതം സുഭഗം ചേതോഹരം
പൂക്കൾ ചിരിക്കുന്ന പൂന്തോപ്പിലെന്നും
ചക്കര മാവിന്റെ കൊമ്പത്ത് മലയണ്ണാൻ
വാൽകുടഞ്ഞൂറ്റം കലമ്പീടവെ
താഴത്തു തൊടിയിലായ് പിഞ്ചുകിടാവുകൾ
മലയാള മധുരം നുണഞ്ഞീടുന്നു
പൂക്കൾ ചിരിക്കുന്ന പൂന്തോപ്പിലെന്നും
നന്മതൻ നറുവാണി നാവിൽ വയമ്പായി
ചേരും കളിത്തൊട്ടിലീയാലയം
സ്നേഹ മന്ത്രം ജപ തീർത്തമായൊഴുകുന്ന
ക്ഷേത്രം നമുക്കീ വിദ്യാലയം

**മുഹമ്മദ് നാഫിദ്.ടി.കെ**

# മഴവന്നപ്പോൾ പള്ളിക്കൂടത്തിലേക്ക്

മഴ വന്ന നേരത്ത്

പുള്ളിച്ചെറുകുട ചൂടീട്ട്

അമ്മിണി മഴയത്തിറങ്ങി വന്നു

ഉള്ളിൽ കൗതുകമോടെ അമ്മിണി

മഴയിലെ കുഴിയിൽ ചാടി

തവളയും മീനും അമ്മിണിയോട്

കിന്നാരം ചൊല്ലി

അമ്മിണി പോന്നേ പള്ളിക്കൂടത്തിൽ

അമൃത.എം

IX-M

# നിലാവിന്റെ രാവിൽ

നിലാവുള്ള രാത്രിയിൽ
ചിണിങ്ങി പെയ്യുന്ന മഴയുടെ സ്പർശനമേറ്റ്
ഇണക്കുരുവികൾ ആനന്ദ പൂരിതമായ മയൂരങ്ങളെ-
പോലെ നടനമാടുന്നു
ഇളം കാറ്റിന്റെ സ്പർശനമേറ്റ് ശിഖിരങ്ങളിൽ
നിന്ന് തളിരിലകൾ ഭൂമിയുടെ മടിത്തട്ടിലേക്ക്
താഴ്ന്നിറങ്ങുന്നു
മനസ്സാവുന്ന മണ്ണിൽ
പ്രണയമാവുന്ന വേരിനെ ,
ആഴത്തിൽ ആഴ്ത്തികൊണ്ട്
പനനീർ മുത്തുകൾ ഗഗനത്തിലെ
നിലാവിനെ നോക്കി പുഞ്ചിരി തൂകുന്നു...

സനിയ
പവിത്ര
തേജശ്രീ

# കാണും നിശ്ചയം

തിരയുന്ന വീതിയിൽ അറിയുന്ന മനസ്സിനെ
കണ്ണിൽ കാണാൻ നിശ്ചയം
അറിയാതെ തിരയുന്ന നിൻ ഓരോ മനവും
അവളിൽ ചൊരിയും മഴയാകും നീ നിശ്ചയം
കാണാതെ ഒരുനാൾ പൊഴിയും വീതിയിൽ
തിരയും ഉജ്ജ്വല നിമിഷത്തിൽ നിന്നെ
നിശ്ചയമിതു പറയാൻ നിശ്ചയം ഇതു തീർക്കാൻ
അദ്വൈതമാം നിമിഷത്തിൽ തിരയുന്നു
ഞാൻ നിന്നെയും എന്നെയും
ഒരു പൂക്കാലം വന്നു പറയും നിന്നെ
ഒരു കിനാവാൽ മൂടാൻ അതു നിശ്ചയം
കാണുന്നതൊക്കെയും
കാണാതെ കാണുന്നതും
ഉള്ളം മനസ്സിൽ താളത്തിലാടും ചെറു പൂക്കാലം

# തേങ്ങുന്ന ഓലഞ്ഞാലി

നേരം പുലരും മുമ്പേ ചിന്നു എഴുന്നേറ്റു. എന്തു കൊണ്ടാണോ അവൾക്ക് സൂര്യോദയം കാണാൻ വളരെ ഇഷ്ടമായിരുന്നു. അവൾക്ക് അച്ഛനും അമ്മയും 9 മണി ആകുമ്പോഴേക്കും ജോലിക്ക് പോകും പിന്നെ വൈകുന്നേരം ആറുമണിക്കാണ് തിരിച്ചെത്തുക അവൾക്ക് ഇപ്പോൾ ഏഴു വയസ്സ് ആയിട്ടുള്ളൂ .കോഴിക്കോട്ടെ ഏറ്റവും മികച്ച വിദ്യാലയത്തിലാണ് അവൾ പഠിക്കുന്നത്. പഠിക്കാൻ അവൾക്ക് വളരെ ഇഷ്ടമായിരുന്നു. അച്ഛനും അമ്മയും അവളെ അത്ര ശ്രദ്ധിച്ചിരുന്നില്ല അതായിരിക്കണം അവളുടെ മുഖം മങ്ങിയിരുന്നത് വീട്ടിലെ വാച്ച്മാൻ ആണ് സ്കൂൾ ഇല്ലാത്തപ്പോൾ അവളെ നോക്കിയിരുന്നത് .കൂട്ടിൽ അകപ്പെട്ട പോലെയായിരുന്നു അവളുടെ ഒരു പക്ഷിയെ പോലെയായിരുന്നു അവളുടെ ജീവിതം .ഒരു ദിവസം തിങ്കളാഴ്ച ശക്തമായ മഴ കാരണം

അന്ന് സ്കൂൾ അവധിയായിരുന്നു ചിന്നുവിന്റെ അച്ഛനും അമ്മയും പതിവുപോലെ ജോലിക്കുപോയി അവൾ വീട്ടിൽ തനിച്ചായി. അവളുടെ മനസ്സിലെ ഭയം അലറുന്നു ഉണ്ടായിരുന്നു .കുറച്ച് സമയം കഴിഞ്ഞു വാച്ച്മാൻ അവൾക്ക് ചായ കൊടുക്കാൻ വന്നു അവൾ ചായകുടിച്ച് ടിവി കണ്ടു. പെട്ടെന്നുള്ള ഇടി കാരണം അവൾ ടിവി ഓഫ് ചെയ്തു ശക്തമായ ഇടിയും മഴയും അവൾക്ക് പേടിയായി കുറച്ച് കഴിഞ്ഞ് മഴ പോയതോടെ അവൾ മുറ്റത്തു കസേരയിലിരിക്കുന്ന വാച്ച്മാന്റെ അരികിലേക്ക് പോയി കാപ്പി കുടിച്ചു കൊണ്ട് പത്രം വായിക്കുകയായിരുന്നു അപ്പോഴാണ് ആ മനോഹര സ്വരം അവൾ കേൾക്കുന്നത് ദൂരെ എവിടെ നിന്നോ ഒരു പക്ഷിയുടെ സ്വരം ആ പക്ഷി മനോഹരമായി പാടുകയാണ് അത് വളരെ ആകർഷിച്ചിരുന്നു. അവൾ വാച്ച്മാനോട് ചോദിച്ചു അത് ഏതുതരം പക്ഷിയാണ് ? അതിന്റെ നിറമെന്താണ്? വാച്ച്മാൻ മറുപടി പറയാൻ കുറച്ചു താമസിച്ചു പിന്നീട് പറഞ്ഞു അത് ഓലഞ്ഞാലികുരുവി ആണ് ആ പേര് കേട്ടതും അവളുടെ മുഖത്ത് കൗതുകം ഏറി ആ പക്ഷിയെ കാണണമെന്ന് അവൾ വാച്ച്മാൻ നോട് പറഞ്ഞു വാച്ച്മാൻ അതിന് അവളെ സമ്മതിച്ചില്ല അവൾക്ക് വാശി കൂടി അവൾ കരയാൻ

തുടങ്ങി വാച്ച്മാൻ എന്തു പറഞ്ഞിട്ടും അവൾ കേട്ട ഭാവം നടിച്ചില്ല അവസാനം വാച്ച്മാൻ അതിന് അവളെ സമ്മതിച്ചു വസ്ത്രം മാറ്റി വരാൻ പറഞ്ഞു ബെഡ്റൂമിൽ പോയി നല്ല വസ്ത്രം ധരിച്ചു പിന്നീട് അടുക്കളയിൽ പോയി ഓലഞ്ഞാലിക്ക് കൊടുക്കുവാൻ ആയിട്ട് കുറച്ച് ചെറുപയർ മണി ഒരു കടലാസിൽ പൊതിഞ്ഞ് എടുത്തു അങ്ങനെ അവൾ പുറപ്പെട്ടു ഒരുപാട് ദൂരം നടന്നു അവസാനം ഒരു റെയിൽവേ സ്റ്റേഷനിൽ എത്തിയത് വാച്ച്മാൻ അവളോട് പറഞ്ഞു ഈ ട്രെയിനുള്ളിൽ ഒരു ഓലഞ്ഞാലി കൂട്ട കെട്ടിയിട്ടുണ്ട് നമുക്ക് അതിനെ കാണാം അങ്ങനെ വാച്ച്മാൻ അവളെ ട്രെയിനിന് ഉള്ളിലേക്ക് കൂട്ടിക്കൊണ്ടുപോയി അങ്ങനെ ആ ഏഴുവയസ്സുകാരിയെ വാച്ച്മാനും അവൻറെ സംഘവും ആക്രമിച്ചു പിന്നീട് അവളുടെ വൃക്കയും ഹൃദയവും മറ്റു പല അവയവങ്ങളും അവർ കീറിമുറിച്ചു അവളുടെ ശരീരത്തിൽ നിന്നെടുത്തു ഇത്രയും ഭീകരമായ ഒരു നിമിഷം ആർക്കും ചിന്തിക്കാൻ പോലും പറ്റിയില്ല കീറിമുറിച്ച ആ ശരീരം അവർ അവിടെ ഉപേക്ഷിച്ചു . നാലു മണിയുടെ ട്രെയിൻ ആയിരുന്നു അത് .അതിനുള്ളിൽ ആ കുട്ടിയുടെ മൃതദേഹം അങ്ങനെ ട്രെയിൻ യാത്ര ചെയ്യാൻ വന്ന യാത്രക്കാർ കുട്ടിയുടെ മൃതദേഹം കണ്ടു പൊട്ടിക്കരഞ്ഞു .അത്രയ്ക്കും ക്രൂരമായാണ് അവളെ കൊന്നിരിക്കുന്നത്. അവളുടെ അച്ഛൻറെ കമ്പനിയിൽ ജോലി ചെയ്യുന്ന ഒരാൾ ആ ട്രെയിനിൽ ഉണ്ടായിരുന്നു അദ്ദേഹം അച്ഛനെ ഈ കാര്യം അറിയിച്ചു.അങ്ങനെ മനസ്സ് പൊട്ടി കൊണ്ട് അച്ഛനും അമ്മയും അവളുടെ മൃതദേഹത്തിനരികിലേക്ക് ഓടിയെത്തി. അവരുടെ കരച്ചിലിൽ ഭൂമി വിറച്ചുപോയി. ദൂരെ എവിടെ നിന്നോ ഒരു ഓലഞ്ഞാലിക്കുരുവി കരയുകയാണ്

സോനാ സി.എം
X.-Q

# മൂന്നാറിലേക്ക് ഒരു യാത്ര

ഞാനും എന്റെ കുടുംബവും കൂട്ടുകാരും കൂടി ഒരു യാത്ര പോയി.വളരെ രസകരമായ ഒരു യാത്രയായിരുന്നു അത്.ഞങ്ങൾ മൂന്നാറിലേക്കാണ് പോയത് പുലർച്ചെ പുറപ്പെട്ടതിനാൽ വളരെ തണുപ്പായിരുന്നു. ഞങ്ങൾ അവിടെയെത്തിയതും അലക്ഷമായ തണുപ്പ് അനുഭവപ്പെട്ടു മൂന്നാറിലെ തേയിലതോട്ടങ്ങളാണ് എന്നെ വളരെ ആകർഷിച്ചത്.വളരെ മനോഹരമായി ഒരേ ആകൃതിയിലും വലുപ്പത്തിലും നിരനിരയായി നിൽക്കുന്ന തേയിലത്തോട്ടങ്ങൾ കാണാൻ എന്ത് ഭംഗിയാണ്.പിന്നീട് ഞങ്ങൾ പോയത് വരയാടുകളെ കാണാനാണ്.ഒരു മലമുകളിലേക്ക് ഞങ്ങളെല്ലാവരും നടന്നാണ് പോയത്. അവിടെയെത്തിയതും ഒരു വലിയ മൂടൽമഞ്ഞ് അവിടമാകെ പുകപോലെ നിറഞ്ഞിരിക്കുന്നു വളരെ അത്ഭുതകരമായ കാഴ്ടചയായിരുന്നു ഒരു മിന്നായം പോലെയാണ് വരയാട് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത് മൂന്നാർ യാത്ര വളരെ അനുഭവങ്ങൾ സമ്മാനിച്ച യാത്രയായിരുന്നു.

**ശ്രേയ.കെ.എം**
***I X-D***

# അനുഭവം

ഞാനും എന്റെ കുടുംബവും അവധിക്കാലത്ത് മൈസൂരിലേക്ക് ഒരു യാത്രപോയി. ഞങ്ങൾ കുടുംബത്തിലെ എല്ലാവരും വന്നിരുന്നതിനാൽ നല്ല രസമായിരുന്നു. വിഷു കഴിഞ്ഞ് പിറ്റേന്ന് രാത്രിയാണ് ഞങ്ങൾ കുടുംബകാർ എല്ലാവരും കൂടി മൈസൂരിലേക്ക് പോയത്. പാട്ടും ഡാൻസുമൊക്കെ കളിച്ച് ഞങ്ങൾ പുലർച്ചെ മൈസൂരിലെത്തി നല്ല തണുപ്പുണ്ടായിരുന്നു .8 മണിക്ക് ഞങ്ങൾ ബസ്സിൽ കയറി സ്ഥലങ്ങൾ കാണാൻ പോയി മൈസൂർ പാലസ് കാണാനാണ് ആദ്യം പോയത് നല്ല രസമുണ്ട് അത് കാണാൻ.വസ്തു വിദ്യകളാൽ പാലസിന്റ മുകൾ ഭാഗവും എല്ലാം നല്ല ഭംഗിയുണ്ട് കാണാൻ പിന്നീട് മൃഗശാലയിലേക്കും പോയി സന്ധ്യ സമയത്ത് ചാമുണ്ടി ക്ഷേത്രത്തിലേക്കും പോയി

ശ്രീഷ്ണ രാജൻ
***IX-D***

## പ്രളയം

സർവ്വാലയങ്ങളും ചുറ്റു തയ്യാലയും
വിഴുങ്ങിയ രാക്ഷസൻ
ആർത്തിയായി നാഥ നീചയായി
ഒഴുകുന്നു വീണ്ടും ഒഴുകുന്നു
അന്തമില്ലാതെ കുതിക്കുന്ന രാക്ഷസൻ
ധന-ജാതി മത മന്ദാര ഇല്ലാതെ
രാക്ഷസൻ ഒന്നായി ചേർത്തു നാടിന്
ദൈവത്തിൻറെ സ്വന്തം നാടിനെ
കൂടപ്പിറപ്പിന് സഹായ്യ ഭീതിയിൽ
കൈകോർത്തു സേവിച്ചും മാനവരൊന്നായ്
ഇടയ്ക്കുകയറി ഓണം തലയിട്ടു
ഓണമുണ്ണാൻ യാധ്യധാനന്ദും\
മാവേലിക്കൊരു ഓമന പൊന്നോണക്കാലം ഇതാ
മനുഷ്യരെല്ലാം ഒന്നുപോലെ
കേരള നാടിനൊരു മയിൽ മനമലിഞ്ഞു
രാക്ഷസൻ ഉൾവലിഞ്ഞു
യാത്രയോതി പോയപ്പോൾ ഓർത്തു രാക്ഷസൻ
തന്നോമനപ്പേരിതോ " പ്രളയം"

മുഹമ്മദ് നാഫിദ് ടി കെ

# മൃത്യു

എന്തായിരുന്നു,
മുത്തശ്ശിയുടെ മിഴികളിൽ തെളിഞ്ഞത്
പടിഞ്ഞാറൻ ചക്രവാളശോണിമയിലേക്ക്
വിറയാർന്ന കരങ്ങൾ കൂപ്പി,
പിടയ്ക്കുന്ന മാറോട് ചേർത്ത് എന്തായിരുന്ന?
ഉരുവിട്ടു കൊണ്ടായിരുന്നത്
തുളസിത്തറയിലെരിയുന്ന മൺചെരാതിന്റെ
വെട്ടത്തിൽ നിന്നൊരു കൂട്ടം
മിന്നാമിനുങ്ങുകൾ
പുനർജനിച്ചതാണോ,
മുറ്റം നിറയെ നക്ഷത്രങ്ങൾ
നാമജപമൊരു നേർത്ത മണിനാദമായ്
നനുത്ത സുഗന്ധമായ്
പെട്ടെന്നായിരുന്നു
പിടിച്ചുലയ്ക്കുന്ന മലങ്കാറ്റിന്റെ ഘോഷം,
മേഘക്കൂടാരങ്ങളിൽ അഗ്നി വർഷം,
നിലയക്കാത്ത പേമാരിയ്ക്കിടയിലൂടെ
കേട്ട കാൽപ്പെരുമാറ്റം
ആരുടേതായിരുന്നു

ജിഷ.ഒ.കെ




*If you want to shine like a sun .First be like a sun.*

*-A.P.J Abdul kalam*

*You have to dream.Before dreams come true.*

*Hope is the that gives a person happiness.*



*"Be the change that you wish to see in the world."*

*-Mahathma Ghandiji*

*"The future depends on what you do today."*

*"In a gentle way, you can shake the world"*

*"Strength does not from physical capacity , It comes from an indomitable will."*

*"An eye for an eye only ends up making the whole world blind."*

*"Do or die"*

*Number Pattern*

***4x4=16***

***34x34=1156***

***334x334=111556***

***3334x3334=11115556***

***33334x33334=1111155556***

***9x7=63***

***99x77=7623***

***999x777=776223***

***9999x7777=77762223***

***99999x77777=7777622223***

*7x7 =49*

*67x67=4489*

*667x667=444889*

*6667x6667=44448889*

*66667x666667=4444488889*


*9x8=72*

*99x88=8712*

*999x888=887112*

*9999x8888=88871112*

*99999x88888=8888711112*


It's just a perfect season for eating the mushrooms.
I like mushrooms very much especially mshroom pasta with fresh tomato sauce.
Delicious mushrooms Iam gonna eat it all.
ooooooops!! My stomach hurts.
Hello,ambulance Iam poisned by mushroom please hurry Iam dying
Gas trouble !! I almost died and the doctors say it's just a gas trouble.
Aadiv m.k


"കടിച്ചത് പാമ്പെങ്കിലും
കൊന്നത് മനുഷ്യൻ"
— നീരജ് സി.കെ —
IX. M






8P ശിവദ.K.T

# സർഗോത്സവം -2020










KSS
VADAKARA











## ഒരു പട്ടത്തിന്റെ കഥ









## *Computer storage units*

*1Bit = Binary Digit*

*8 Bits = 1Byte*

*1024 Bytes =1kb(Kilo Byte)*

*1024 KB =1 MB(Mega Byte)*

*1024 MB =1 GB(Giga Byte)*

*1024 GB =1 TB(Terra Byte)*

*1024 TB =1 PB(Peta Byte)*

*1024 PB =1 EB(Exa Byte)*

*1024 EB =1 ZB(Zetta Byte)*

*1024 ZB =1 YB(Yotta Byte)*

*1024 YB =1 (Bronto Byte)*

*1024 Brontobyte =1(Geop Byte)*

## Tricky Questions

**1. What two things can you never eat for breakfast?**

**Lunch and dinner.**

**2. What gets wetter the more it dries?**

**A towel.**

**3. What word is spelled incorrectly in every single dictionary?**

**Incorrectly.**

**4. What never asks a question but gets answered all the time?**

**Your cellphone.**

**5. What goes up but never ever comes down?**

**Your age.**

**6. A girl fell off a 50-foot ladder but didn't get hurt. How come?**

**She fell off the bottom rung.**

**7. What starts with "e" and ends with "e" but only has one letter in it?**

**An envelope.**

**8. How can a girl go 25 days without sleep?**

**She sleeps at night.**

9. You spot a boat full of people but there isn't a single person on board. How is that possible?

Everyone on board is married.

10. How do you make the number one disappear?

Add the letter G and it's "gone"!

11. What's greater than God and more evil than the devil. Rich people want it, poor people have it. And if you eat it, you'll die?

Nothing.

12. A cowboy rode into town on Friday. He stayed in town for three days and rode out on Friday. How is that possible?

Friday was the name of his horse.

13. What two keys can't open any door?

A monkey and a donkey.

14. What will you actually find at the end of every rainbow?

The letter "w."

15. What's full of holes but can still hold liquid?
A sponge.

## മേഗസിൻ നിർമാണ പ്രവർത്തനങ്ങൾക്ക്

## സഹായിച്ചവർക്ക്

## ഹൃദയപൂർവ്വം

# നന്ദി